**കേരള സർക്കാർ**

**സംഗ്രഹം**

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം - സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (**പെൻഷൻ-ബി**) വകുപ്പ്

സ.ഉ(അച്ചടി) നം. **137**/17/ധന തിരുവനന്തപുരം, തീയതി 2017 നവംബർ 04

---

പരാമർശം :

1) 30.06.2012 തീയതിയിലെ സ.ഉ(അച്ചടി) നം. 11/2012/പരിസ്ഥിതി
2) 20/01/2016 തീയതിയിലെ സ.ഉ(അച്ചടി)നം. 09/2016/ധന
3) 21.03.2016 ലെ പി സി ബി /ഇ 1/930/2016 നമ്പർ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാന്റെ കത്ത്
4) 22.07.2017 തീയതിയിലെ സ.ഉ(കൈ) നം. 10/2017/പരിസ്ഥിതി

**ഉത്തരവ്**

സംസ്ഥാനത്ത് വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സൂചന **2** പ്രകാരം പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ വിരമിച്ച ജീവനക്കാരുടെ പെൻഷനും പരിഷ്കരിക്കണമെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ സൂചന **3** പ്രകാരം ആവശ്യപ്പെട്ടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷനും മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളും പരാമർശം **2** ലെ ഉത്തരവ് പ്രകാരം ഇനി പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I) മലിനീകരണ നിയന്ത്രണ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും പെൻഷൻ പരിഷ്കരണത്തിനുള്ള മുഴുവൻ തുകയും കണ്ടെത്തണം.

II) ബഡ്ജറ്റ് വിഹിതത്തിനുമേൽ കൂടുതൽ അധിക തുകകൾ സർക്കാർ ഗ്രാന്റായി അനുവദിക്കുന്നതല്ല.

III) 01.04.2013 ന് ശേഷം മലിനീകരണ നിയന്ത്രണ ബോർഡിൽ ജോലിയിൽ പ്രവേശിച്ചവരെ ദേശീയ പെൻഷൻ പദ്ധതിയിൽ (പങ്കാളിത്ത പെൻഷൻ) ഉൾപ്പെടുത്തുന്ന കാര്യം ഭരണവകുപ്പ് ഉറപ്പ് വരുത്തേണ്ടതാണ്.

IV) ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞ് 3 മാസത്തിനകം പെൻഷൻ ഫണ്ടിൽ എത്ര രൂപ നിക്ഷേപമുണ്ടെന്നുള്ള വിവരം, പെൻഷൻ പരിഷ്കരണത്തിനു പ്രതിമാസം ഉണ്ടാകാവുന്ന ചെലവുകളെക്കുറിച്ചുള്ള വിവരം, പെൻഷൻ ഫണ്ടിന്റെ ആഡിറ്റ് റിപ്പോർട്ട് എന്നിവ ധന വകുപ്പിന് സമർപ്പിക്കണം.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.ഷർമ്മിള മേരി ജോസഫ് ഐ എ എസ്,**
**എക്സ്പെന്റിച്ചർ സെക്രട്ടറി(ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി ആന്റ് എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ), കേരള, തിരുവനന്തപുരം.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെന്റിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി
ചെയർമാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം
പൊതു ഭരണ (എസ് സി) വകുപ്പ് (01.11.2017 ലെ 1587 നം. മന്ത്രിസഭാ തീരുമാനം )
ധനകാര്യ (പി യു -സി) വകുപ്പ്(ഫയൽ നം പി യു -സി4/103/2016-ധന -ഇ-271692)
പരിസ്ഥിതി (എ) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ